
# യാഥാർഥ്യത്തിനും മിഥ്യക്കുമിടയിലെ ഹമാസ്

വായനാമുറി ● **കെ. അശ്റഫ്**




***അൽജസീറ*** പത്രപ്രവർത്തകനായ ഖാലിദ് ഹറൂബിന്റെ 'ഹമാസ്: തുടക്കക്കാരന് ഒരു വഴിക്കാട്ടി' (Hamas: A Beginner's Guide) എന്ന പുസ്തകം ചോദ്യോത്തരരൂപത്തിൽ ഫലസ്ത്വീൻ വിമോചനത്തിന്റെ ഹമാസ് ഭാഷ്യം വരഞ്ഞിടുന്നു. പ്ലൂട്ടോ പ്രസ് പുറത്തിറക്കിയ പുസ്തകം ഹമാസിന്റെ നാൾവഴികളെക്കുറിച്ച മാനിഫെസ്റ്റോ തന്നെയാണ്. ഹമാസിനെക്കുറിച്ച രചന ആദ്യ സംഭവമൊന്നുമല്ല. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും നിരവധി പുസ്തകങ്ങൾ പുറത്തിറങ്ങിയെങ്കിലും മിക്കതും വസ്തുനിഷ്ഠമാണെന്ന് പറയാനാവില്ല. അസ്സാം തമീമിയുടെ *Hamas: A History* ഗംഭീരമായ ഇടപെടലായിരുന്നു. ഇസ്ലാമിസ്റ്റ് പശ്ചാത്തലമുള്ള തമീമിയുടെ പഠനം സ്വാഭാവികമായും വേണ്ടത്ര ശ്രദ്ധ പിടിച്ചുപറ്റിയില്ല. 'സെക്യുലർ' എന്ന വിശേഷണത്തോടെ ഹറൂബ് മുന്നോട്ടുവെക്കുന്ന വീക്ഷണകോണിൽനിന്ന് ഹമാസിനെ വിലയിരുത്തുകയാണ് ഇവിടെ. പടിഞ്ഞാറൻ മുൻവിധിക്കും ഇസ്ലാമിസ്റ്റ് വൈകാരികാവേശങ്ങൾക്കുമപ്പുറം, രാഷ്ട്രീയവും സാമൂഹികവുമായ യാഥാർഥ്യമാണ് ഹമാസ് എന്നു മനസ്സിലാക്കാൻ ഹറൂബിന്റെ രചന സഹായകമാകുന്നു. 2006ലെ തെരഞ്ഞെടുപ്പിൽ അപ്രതീക്ഷിത വിജയംനേടിയ ഹമാസിനു മുമ്പിൽ നയരൂപീകരണ വിദഗ്ധരും മാധ്യമ പ്രവർത്തകരും യു.എസ് തിങ്ക്ടാങ്കുകളും സ്തംഭിച്ചുനിന്ന സന്ദർഭമാണ് ഈ പുസ്തകത്തിന്റെ പ്രഭവകേന്ദ്രം.

ഹമാസിന്റെ ജനനം, വളർച്ച, പ്രത്യയശാസ്ത്ര പശ്ചാത്തലം, ദേശീയതയും ഹമാസും, ഇസ്ലാമിക പ്രസ്ഥാനങ്ങളും ഹമാസും, ഇസ്രയേൽ, സൈനിക ഇടപെടൽ, സേവന പ്രവർത്തനങ്ങൾ, അന്താരാഷ്ട്രീയം, ഹമാസിന്റെ നേതൃത്വം-ഘടന, തെരഞ്ഞെടുപ്പിനു ശേഷമുള്ള ഹമാസ് തുടങ്ങി വൈവിധ്യ പൂർണമായ വിഷയ പശ്ചാത്തലം പുസ്തകത്തിൽ ഉള്ളടങ്ങിയിരിക്കുന്നു. വിവിധ സന്ദർഭങ്ങളിൽ ഹമാസ് എടുത്ത നയനിലപാടുകൾ ഔദ്യോഗിക ഉറവിടങ്ങളിൽനിന്നുതന്നെ

രേഖപ്പെടുത്തിയിരിക്കുന്നു.

ഇസ്‌ലാമിക ചെറുത്തുനിൽപ് സംഘമെന്ന അവസ്ഥയിലേക്ക് നയിച്ച സൂക്ഷ്മ സൈദ്ധാന്തിക ചർച്ചകൾ നാമിവിടെ വായിക്കുന്നു. ആദ്യകാലത്ത് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സ്വീകരിച്ചുവന്ന 'തലമുറകളുടെ ഇസ്‌ലാമികവത്കരണവും ഭാവിയിലേക്കുള്ള തയാറെടുപ്പും' എന്ന ബോധവത്കരണ പ്രക്രിയയിലായിരുന്നു ഹമാസിന്റെ പ്രാഗ്‌രൂപമായ മുസ്‌ലിം ബ്രദർഹുഡ് ശ്രദ്ധ കേന്ദ്രീകരിച്ചത്. ഫത്ഹും ഇറാൻ വിപ്ലവത്തിന്റെ സ്റ്റീരിയോ ടൈപ്പ് മുന്നോട്ടുവെച്ച ഇസ്‌ലാമിക് ജിഹാദുമെല്ലാം മുസ്‌ലിം ബ്രദർഹുഡിന്റെ ബോധവത്കരണശൈലിയെ വിമർശിച്ചു. സായുധ പ്രവർത്തനങ്ങളിൽ പങ്കെടുക്കാതെ ഇസ്രയേലിനെ പരോക്ഷമായി സഹായിക്കുകയാണെന്ന് അവർ ആരോപിച്ചു. ഹമാസിനകത്തും ഈ വിഷയത്തിൽ ആശയസംഘട്ടനങ്ങൾ നടന്നിരുന്നു. എങ്കിലും 1987 വരെ ആദ്യം ഇസ്‌ലാമീകരണം പിന്നെ സാമൂഹിക ഇടപെടൽ എന്ന ക്രമപ്രവൃദ്ധ ശൈലി പിന്തുടർന്നു. പിന്നീട് ഒന്നാം ഇൻതിഫാദയിലേക്ക് നയിച്ച തീക്ഷ്ണ സാഹചര്യങ്ങളാണ് ഈജിപ്ഷ്യൻ ബ്രദർഹുഡിൽനിന്ന് പകർന്നുകിട്ടയ സൈദ്ധാന്തിക വാർപ്പുമാതൃകയിൽനിന്ന് പുറത്തുകടന്ന് ഫലസ്തീൻ ബ്രദർഹുഡ് രൂപാന്തരപ്പെട്ട് ഹമാസാവുന്നത്. പിൽക്കാലത്ത് ബ്രദർഹുഡിന്റെ ബോധവത്കരണശൈലിയാണ് ഹമാസിന്റെ ആന്തരികശക്തി എന്നു സ്വയം ന്യായീകരിക്കുകയാണ് ഹമാസ് ചെയ്തത്. അതോടൊപ്പം 1982ൽ രൂപപ്പെട്ട ഇസ്‌ലാമിക് ജിഹാദ് ഹമാസ് രൂപീകരണത്തെ ത്വരിതപ്പെടുത്തി. അഥവാ ഇസ്‌ലാമും ഫലസ്തീൻ ദേശീയതയും ചേർത്തുവെച്ച് ഇസ്‌ലാമിക് ജിഹാദ് നടത്തിയ സാഹസികതകളിൽ ബ്രദർഹുഡിന്റെ അടിത്തറയിളകുമെന്നായി. ഒന്നാം ഇൻതിഫാദയുടെ പ്രാരംഭഘട്ടത്തിലെ ഹമാസിന്റെ കടന്നുവരവ് ഇങ്ങനെ രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ സന്ദിഗ്ധതകൾക്കും ആശയകാലുഷ്യങ്ങൾക്കുമുള്ള മറുമരുന്നായി. തുടർന്നുള്ള ചരിത്രം നാം ഏറെ വായിച്ചറിഞ്ഞതാണ്. എന്നാൽ ഒരു പ്രസ്ഥാനത്തിന്റെ രൂപീകരണത്തിനു പിന്നിലെ ഘടകങ്ങൾ അത്രയധികം കാൽപനികമല്ല എന്ന് ഹമാസ് നമ്മെ ബോധ്യപ്പെടുത്തുന്നു. ഈ മറുവശമാണ് ഹറൂബിന്റെ പുസ്തകത്തെ വ്യത്യസ്തമാക്കുന്നത്.

**ഹമാസിന്റെ ജനനം, വളർച്ച, പ്രത്യയശാസ്ത്ര പശ്ചാത്തലം, ദേശീയതയും ഹമാസും, ഇസ്‌ലാമിക പ്രസ്ഥാനങ്ങളും ഹമാസും, ഇസ്രയേൽ, സൈനിക ഇടപെടൽ, സേവന പ്രവർത്തനങ്ങൾ, അന്താരാഷ്ട്രീയം, ഹമാസിന്റെ നേതൃത്വം–ഘടന, തെരഞ്ഞെടുപ്പിനു ശേഷമുള്ള ഹമാസ് തുടങ്ങി വൈവിധ്യപൂർണമായ വിഷയ പശ്ചാത്തലം പുസ്തകത്തിൽ ഉള്ളടങ്ങിയിരിക്കുന്നു.**

പിന്നീട് സ്വന്തം പേരിനെ അന്വർഥമാക്കുന്ന ഇടപെടലുകൾ തന്നെയാണ് ഹമാസ് നടത്തിയത്. സമഗ്രമായ ഒരു പ്രതിരോധ പ്രസ്ഥാനം ഹമാസിലൂടെ ഫലസ്തീനിൽ ഉദയംകൊണ്ടു. നാം മനസ്സിലാക്കുന്നതുപോലെ ഹമാസ് സായുധ പ്രതിരോധത്തിലേർപ്പെടുന്നുണ്ട്. എന്നാൽ സാമൂഹിക സേവനത്തിന് നീക്കിവെക്കുന്ന പണം സൈനിക പ്രവർത്തനത്തിനുള്ളതിനേക്കാൾ കൂടുതലാണ്. പ്രതിരോധം എന്നതിലപ്പുറം ഫലസ്തീനികളെ തങ്ങളുടെ ആശയങ്ങൾക്കൊത്ത് മുന്നോട്ടു കൊണ്ടുപോവുന്നതിനാണ് ഹമാസ് പ്രാമുഖ്യം നൽകുന്നത്.

വിവാദങ്ങൾക്കിടയാക്കിയ ചാവേർ ആക്രമണങ്ങൾ ഹറൂബ് വിശദീകരിക്കുന്നുണ്ട്. 1993ന് മുമ്പ് ചാവേർ പ്രവർത്തനങ്ങൾ ഹമാസിന്റെ മുഖ്യ അജണ്ട ആയിരുന്നില്ല. ഹെബ്രോൺ കൂട്ടക്കൊലക്ക് പ്രതികാരമായാണ് ഹമാസ് പ്രസ്തുത മാർഗം അവലംബിക്കുന്നത്. സിവിലിയനു പകരം സിവിലിയൻ എന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ പരിവർത്തിപ്പിച്ചത് ഇസ്രയേലായിരുന്നു. നിരവധി ചർച്ചകൾക്കു ശേഷമാണ് ഹമാസ് ചാവേറുകളെ അയക്കാൻ തീരുമാനിക്കുന്നത്. സംഘടനക്കകത്തുതന്നെ വലിയ തോതിൽ അഭിപ്രായ വ്യത്യാസം നിലനിന്നിരുന്നു. ഹമാസിന്റെ എല്ലാ സങ്കീർണതകളും റദ്ദുചെയ്തു ഇസ്രയേലിന്റെ പ്രതിരോധം തകർത്ത് ചാവേർ സ്ഫോടനം അരങ്ങേറി. ഇസ്രയേലിനു മേൽ ചാവേർ സ്ഫോടനങ്ങൾ ചെലുത്തിയ മനഃശാസ്ത്ര, സാമൂഹിക, സാംസ്കാരിക പ്രത്യാഘാതങ്ങൾ ഹമാസിന്റെ കണക്കുകൂട്ടലിനും അപ്പുറത്തായിരുന്നു. നാലു പ്രധാന പ്രത്യാഘാതങ്ങളാണ് ചാവേർ സ്ഫോടനങ്ങൾ സൃഷ്ടിച്ചത്. ഒന്ന്, ആഗോളതലത്തിൽ നിലനിന്ന ഫലസ്ത്വീൻ അനുകൂല മനോഘടനയെ ചാവേർ ആക്രമണങ്ങൾ തകർത്തുകളഞ്ഞു. ഒന്നാം ഇൻതിഫാദയിൽ അണിനിരന്ന എഡ്വേർഡ് സെയ്ദിനെ പോലുള്ളവർ പ്രസ്തുത ശൈലിയെ അപലപിച്ചു. രണ്ട്, ഫലസ്ത്വീൻ ജനതയുടെ അടിമത്വബോധത്തെ ചാവേർ സ്ഫോടനം ഇല്ലാതാക്കി. മൂന്ന്, ഇസ്രയേലിന്റെ അന്താരാഷ്ട്ര തലത്തിലുള്ള പിന്തുണ വർധിച്ചു. നാല്, ഇസ്രയേൽ ജനത കൂടുതൽ അരക്ഷിതരായി. ഒരുവേള ഹമാസിനെ ചർച്ചക്കു വിളിക്കാൻ വരെ ഇസ്രയേൽ തയാറായി.

ഈ നാല് പ്രത്യാഘാതങ്ങളുടെയും വിജയം അന്തിമ വിശകലനത്തിൽ ഹമാസിനായിരുന്നു. ഇസ്രയേൽ എന്നത് ഭൂമിശാസ്ത്രപരമായ ഒരു യാഥാർഥ്യമാണ്. ഹമാസ് ജോഗ്രഫിക്കലായ ഈ യാഥാർഥ്യത്തെയാണ് പ്രതിരോധത്തിൽ നിർത്തിയത്. ഹമാസിനകത്തുനിന്ന് വായിക്കുമ്പോൾ ധീരതയുടെ വലിയ പ്രകാശനമായിരുന്നില്ല ചാവേർ സ്ഫോടനങ്ങൾ. ജനതയുടെ കീഴടങ്ങലിന്റെ അവസാനത്തെ രംഗം തന്നെയായിരുന്നു അത്. വംശഹത്യയുടെ നിഴൽപാടിനകത്തെ നിസ്സഹായതയുടെ നടുക്കടലിലാണ് ചാവേർ ജന്മം കൊള്ളുന്നത്. ഈയൊരു സാമൂഹിക വായനയുടെ അഭാവത്തിൽ ചാവേർ ആവേശമാവുന്നു. അഥവാ ഹമാസല്ല തെറ്റായ മാതൃക സൃഷ്ടിച്ചത്; ഹമാസിനെ വായിച്ച ലോകമായിരുന്നു. ഹമാസിനെ തെറ്റായ മാതൃകയായി അവതരിപ്പിച്ച സ്തുതിപാഠക മതാവേശകരായിരുന്നു. ഫത്ഹും പി.എൽ.ഒയും പിന്തുടർന്ന നയം മുതലാളിത്തമായിരുന്നു. എന്നാൽ ഹമാസ് സ്വതന്ത്ര മാർക്കറ്റിനെ എതിർത്തില്ല. എങ്കിലും സോഷ്യലിസ്റ്റ് ധാർമികത മുറുകെപ്പിടിക്കുന്നു. 'ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥ' എന്ന വിശേഷണത്തോടെയാണ് ഈ നയം പിന്തുടരുന്നത്. 2006–ൽ അധികാരത്തിലെത്തിയ ഉടനെ ഹമാസ് തങ്ങളുടെ സാമ്പത്തിക നയം ഇങ്ങനെ വിശദീകരിക്കുന്നു: "രാജ്യത്തിന്റെ സാമ്പത്തിക വളർച്ചക്ക് ഹമാസ് താഴെ പറയുന്ന പ്രവർത്തനരീതികൾ സ്വീകരിക്കും. 1. നിക്ഷേപം ആകർഷിക്കും 2. വളർച്ചാ നിരക്ക് കൂട്ടും 3. ചൂഷണവും കുത്തകവത്കരണവും എതിർക്കും 4. ഉൽപാദനം വർധിപ്പിക്കും 5. കയറ്റുമതി വർധിപ്പിക്കും 6. തൊഴിലാളികളെ സംരക്ഷിക്കും 7. അറബ് രാജ്യ



ഖാലിദ് ഹറൂബ്

ങ്ങളുമായും മറ്റു വിദേശ രാജ്യങ്ങളുമായും ബന്ധം സ്ഥാപിക്കും.”

ഹമാസിന്റെ മുഖ്യ വരുമാന സ്രോതസ് അറബ് ലോകമാണ്. മുതലാളിത്തമാണ് അറബ് ലോകത്തിന്റെ സാമ്പത്തിക മതം. അമേരിക്ക രാഷ്ട്രീയ ദൈവവും. ഇവിടെയാണ് ഹമാസിന്റെ സാമ്പത്തിക നയം രൂപപ്പെടുന്നത്.

സ്ത്രീകളുടെ പങ്കാളിത്തത്തെക്കുറിച്ച് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സ്വീകരിച്ച നിലപാടാണ് ഹമാസിനുള്ളത്. യൂനിവേഴ്സിറ്റികളിലും മറ്റും സജീവരാവുന്ന പെൺകുട്ടികൾ വിവാഹാനന്തരം സജീവ രാഷ്ട്രീയ പ്രവർത്തനങ്ങളിൽനിന്ന് അപ്രത്യക്ഷരാകുന്നു. ‘സ്ത്രീകൾ വീട് നോക്കേണ്ടവരാണ്’ എന്ന പരമ്പരാഗത ന്യായീകരണം അതിന് പിൻബലമേകുന്നു. എന്നാൽ തെരഞ്ഞെടുപ്പു വേളയിൽ സ്ത്രീകൾ ഹമാസിനു വേണ്ടി കർമനിരതരാകുന്നു. തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ജനസാന്ദ്രതയുടെ പകുതിയിലധികമുള്ള സ്ത്രീകൾ രാഷ്ട്രീയ നേതൃത്വത്തിലെത്താറില്ല. കഴിഞ്ഞ ഇലക്ഷനിൽ 66 സ്ഥാനാർഥികളിൽ 13 സ്ത്രീകളുണ്ടായിരുന്നു. ഏഴു പേർ വിജയിച്ചു. എന്നാൽ മന്ത്രിസഭയിൽ അംഗത്വം ലഭിച്ചത് മർയം സ്വാലിഹക്ക് മാത്രം. സ്ത്രീവിഭാഗത്തിന്റെ ചുമതലയുള്ള മന്ത്രിയായിരുന്നു അവർ. നിരവധി സ്ത്രീ പ്രസ്ഥാനങ്ങളുടെ നേതാവുകൂടിയായിരുന്ന മർയം സ്വാലിഹ യൂനിവേഴ്സിറ്റി പ്രഫസറാണ്. സ്ത്രീ വകുപ്പ് ലഭിച്ചത് സ്ത്രീകളുടെ കാര്യം സ്ത്രീകൾതന്നെ കൈകാര്യം ചെയ്യട്ടെ എന്ന നിലപാടുകൊണ്ടാണ്. എങ്കിലും സംഘാടക വൈഭവം കൊണ്ടും അഭിപ്രായങ്ങളുടെ കരുത്തുകൊണ്ടും അവർ വേറിട്ടുനിൽക്കുന്നു. ഹമാസിനു കീഴിൽ നിർബന്ധിത ഹിജാബ്‌വത്കരണം നടത്തുമോ എന്ന ചോദ്യത്തിന് അവർ നൽകിയ മറുപടി ശ്രദ്ധേയമാണ്: “ഹിജാബ് ധരിക്കാൻ സ്ത്രീകളെ ഞങ്ങൾ നിർബന്ധിക്കില്ല എന്നുറപ്പ് നൽകുന്നു. നല്ല ഉദ്ദേശ്യത്തോടെയും ഗുണകാംക്ഷയോടെയും ബോധവത്കരണം നടത്തുക മാത്രമാണ് ഞങ്ങൾ ചെയ്യുന്നത്. ഭൂരിപക്ഷം ഫലസ്ത്വീൻ സ്ത്രീകളും പൂർണ സമ്മതത്തോടെ ബാഹ്യ സമ്മർദങ്ങളില്ലാതെയാണ് ഹിജാബ് ധരിക്കുന്നത്.”

ഹമാസും ക്രിസ്ത്യാനികളും തമ്മിലെ ബന്ധം വളരെയധികം പ്രാധാന്യമർഹിക്കുന്നു. ഹമാസ് ക്രിസ്ത്യാനികളെ ശ്രദ്ധയോടെ പരിഗണിക്കുന്നു. അവരുടെ ദേശാഭിമാനത്തെ പുകഴ്ത്തുന്നു. ചരിത്രത്തിൽ നിലനിന്ന സഹവർത്തിത്വത്തെ ഓർമിക്കുന്നു. ഹമാസിനെ ക്രിസ്ത്യാനികൾ ഭയത്തോടെയാണ് കണ്ടിരുന്നതെങ്കിലും വർഗീയ കലാപങ്ങളോ മറ്റു വിവേചനങ്ങളോ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. 2006ലെ തെരഞ്ഞെടുപ്പിൽ രണ്ട് ക്രിസ്ത്യൻ സ്ഥാനാർഥികളെ ഹമാസ് പിന്തുണച്ചിരുന്നു. മന്ത്രിസഭയിൽ ഒരാളെ ഉൾപ്പെടുത്തുകയും ചെയ്തു. എങ്കിലും ക്രിസ്ത്യാനികളെ പാർട്ടി കേഡർമാരാക്കാൻ ഹമാസിന് സാധിച്ചില്ല.

ഹമാസിനെ വിമർശനാത്മകമായി വിലയിരുത്തുന്ന ഈ പുസ്തകത്തിൽ നിരവധി ഹമാസ് നേതാക്കളുടെ ലഘു ജീവിത ചരിത്ര കുറിപ്പുകൾ നൽകിയിട്ടുണ്ട്. ഹമാസും പടിഞ്ഞാറും, ഹമാസും അറബ് ലോകവും, ഹമാസും പടിഞ്ഞാറൻ മുസ്‌ലിംകളും തുടങ്ങി നിരവധി വശങ്ങൾ സ്പർശിക്കുന്ന ഹറൂബിന്റെ പുസ്തകം ശുഭപ്രതീക്ഷകൾ ബാക്കിവെച്ചാണ് അവസാനിക്കുന്നത്. ■

***HAMAS: A BEGINNER'S GUIDE***

Khaled Hroub

Pluto Press